LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതയ്ക്ക് സ്ഥലം വിട്ടുനൽകിയവർക്കുള്ള തുക

323(2679) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സ്ഥലം വിട്ട് നൽകിയവർക്ക് അനുവദിക്കേണ്ട തുക സ്ഥലത്തിന്റെ കാണാവകാശം ജന്മാവകാശമാക്കി മാറ്റിയിട്ടില്ലെന്ന കാരണത്താൽ തടഞ്ഞുവയ്ക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; സ്ഥലവുടമകളുടെ വിവരങ്ങൾ അറിയിക്കുമോ?

നിലവിലുണ്ട്. ദേശീയപാത 66-നുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിർണയം നടത്തലും നഷ്ടപരിഹാരം നൽകുന്നതും 2013-ലെ RFCTLARR ആക്ട് പ്രകാരമാണ്. ഈ നിയമപ്രകാരം ഭൂമിയുടെ രജിസ്റ്റേർഡ് ഉടമയ്ക്കാണ് ഭൂമിയുടെ വില നൽകേണ്ടത്. ആയതിനാൽ ഉടമസ്ഥത സംബന്ധിച്ച അസ്ഥിര അഥവാ താൽക്കാലിക അവകാശമായിരുന്ന മുൻ മലബാർ പ്രദേശത്തെ കാണം തുടങ്ങിയവ മുൻനിർത്തി ഉടമസ്ഥാവകാശം ഉന്നയിക്കുന്നവർ, 1963-ലെ ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള ക്രയസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. തൃശ്ശൂർ ജില്ലയിൽ ഏറ്റെടുത്ത ഭൂമിയിലെ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയവരിൽ കാണാവകാശമുള്ളവരും 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായ പഴയ മലബാർ പ്രദേശത്തെ പതിനഞ്ച് വില്ലേജുകളിലായി 421 ഭൂവുടമകളും കാസർഗോഡ് ജില്ലയിൽ 7 പേരും ഉണ്ടെന്നുകാണുന്നു. പ്രസ്തുത ആൾക്കാർക്ക് നഷ്ടപരിഹാരം നൽകേണ്ടതായുണ്ട്. പ്രസ്തുത ആൾക്കാരുടെ വിശദവിവരം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു *. കാണം സെറ്റിൽ ചെയ്ത പർച്ചേസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) കേരളത്തിലെ ഏതൊക്കെ ജില്ലകളിൽ ഇതേ കാരണത്താൽ സ്ഥലം വിട്ട് നൽകിയവർക്ക് തുക അനുവദിക്കാതിരുന്നുവെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലകളിലും വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിലാണ് ഇനി തുക അനുവദിക്കാനുള്ളത്. പഴയ മലബാർ പ്രദേശം വരുന്ന ജില്ലകളിൽ കാണം അവകാശമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് ക്രയസർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നുള്ളതിനാലാണ് വ്യത്യസ്ത നിലപാട് സ്വീകരിക്കേണ്ടിവരുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.